


ദീപനാളം
കുട്ടികളോടൊപ്പം

ഹായ് കൂട്ടുകാരേ...

നിങ്ങളെന്താണ് ആലോചിക്കുന്നത്? കണ്ടതും കേട്ടതുമായ പല കാര്യങ്ങളും നിങ്ങൾക്കുണ്ടെന്നറിയാം. അവയൊന്ന് വരച്ചെടുക്കണമെന്നു തോന്നുന്നുണ്ടോ? അതോ അതു കഥയായി, കവിതയായി, ലേഖനമായി കുത്തിക്കുറിക്കണമെന്നാണോ? മടിക്കേണ്ട, നിങ്ങൾക്കിഷ്ടമുള്ളതു തയ്യാറാക്കി ഞങ്ങൾക്ക് അയയ്ക്കുക. ഉചിതമായത് പ്രസിദ്ധീകരിക്കുന്നതാണ്.

വിലാസം : പ്രതിഭ, ദീപനാളം വാരിക, പാലാ, പിൻ – 686 575
E-mail : editordeepanalam@gmail.com, Mob : 7306874714

# പ്ലാസ്റ്റിക് രുചികളിൽ വിശപ്പടക്കുന്ന മലയാളി



**ആരഭി വേണുഗോപാൽ**
എം.എസ്.സി. രണ്ടാം വർഷം
പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റി

മനുഷ്യനെ സംബന്ധിച്ചിടത്തോളം ശാരീരികമായ ആരോഗ്യം ഏറ്റവും പ്രധാനമാണ്. എങ്കിലും ഇതിനൊപ്പം മാനസികവും സാമൂഹികവുമായ ആരോഗ്യവും കൂടി ചേരുമ്പോളാണ് ഒരാൾ പൂർണ ആരോഗ്യവാനാകുന്നത്. ശാരീരികമായ ആരോഗ്യത്തിന് ഏറ്റവും പ്രധാനം നല്ല ഭക്ഷണം, ശുദ്ധജലം, ഉറക്കം, വ്യായാമം എന്നിവയാണ്. ജലംമുതൽ സർവസാധനങ്ങളും ശുദ്ധമല്ല എന്നതാണ് ഇന്നു നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.



കുടിവെള്ളത്തിന്റെ കാര്യമെടുത്താൽ, യാത്രകളിൽ നമ്മളെല്ലാവരും ആശ്രയിക്കുന്നത് കുപ്പിവെള്ളത്തെയാണ്. ലഭിക്കുന്ന കുപ്പിവെള്ളത്തിന്റെ പരിശുദ്ധി നിർണയിക്കാൻ ഒരു മാർഗവുമില്ല. കിട്ടുന്ന വെള്ളം ദൈവത്തെ വിളിച്ചുകൊണ്ട് കുടിക്കുക. അത്രതന്നെ. കുപ്പിവെള്ളം വാഹനങ്ങളിൽ കൊണ്ടുവരുമ്പോഴോ കടകളിൽ പ്രദർശിപ്പിക്കുമ്പോഴോ വെയിലടിക്കാൻ പാടില്ല, ചൂടാവാൻ പാടില്ല എന്നൊക്കെയാണു നിയമം. എന്നാൽ, നമ്മുടെ നാട്ടിൽ എവിടെയെല്ലാം കുപ്പിവെള്ളം പൊരിവെയിലത്തിരിക്കുന്നു. ആർക്കും അതിൽ പരാതിയില്ലതാനും.

ഞാൻ അടുത്തിടെ കോട്ടയത്തെ ഒരു സ്വകാര്യാശുപത്രിയിൽ കുറച്ചുനാൾ ബൈസ്റ്റാൻഡറായി നിന്നിരുന്നു. ചുറ്റുമുള്ള ഏതു ഹോട്ടലിൽനിന്ന് ആഹാരം പാർസൽ വാങ്ങിയാലും, തിളയ്ക്കുന്ന ചൂടിലുള്ള ഭക്ഷണവും കറികളും വളരെ നേരിയ പ്ലാസ്റ്റിക്കുകൂടുകളിലാക്കിയാണു തരുന്നത്. അതുമാത്രമല്ല, സ്റ്റീൽപ്പാത്രങ്ങളിൽ ഭക്ഷണം വിളമ്പിക്കൊടുക്കുന്ന സ്ഥലങ്ങളിൽപ്പോലും വെള്ളം ലാഭിക്കാൻ നേരിയ പ്ലാസ്റ്റിക് ഷീറ്റിൽ ചൂടുള്ള ഭക്ഷണം വിളമ്പുന്നതുകണ്ടു. കാൻസർരോഗവിദഗ്ധനായ ഡോ. ഗംഗാധരൻ പറയുന്നത്, പ്ലാസ്റ്റിക്കിൽ ചൂടുള്ള ഭക്ഷണം വിളമ്പിയാലോ പൊതിഞ്ഞുകൊടുത്താലോ അമ്പത്തിരണ്ടുതരം കാൻസറുകൾ പിടിപെടാനിടയുണ്ട് എന്നാണ്. നമുക്കു വകുപ്പുമന്ത്രിയോ സെക്രട്ടറിമാരോ ഉദ്യോഗസ്ഥരോ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും ഹെൽത്ത് ഇൻസ്പെക്ടർമാരോ ഇല്ലാഞ്ഞിട്ടല്ല, ജനത്തിന്റെ ആരോഗ്യത്തിന് ഇത്രയൊക്കെയേ അവർ വില കല്പിക്കുന്നുള്ളൂ. പുളി, ശർക്കര, തേൻ, കരിപ്പെട്ടി, വിന്നാഗിരി പോലെ അമ്ലസ്വഭാവമുള്ള ഭക്ഷണസാധനങ്ങൾ, ദ്രവരൂപത്തിലുള്ള മരുന്നുകൾ, മദ്യം ഇവയെല്ലാം പ്ലാസ്റ്റിക് കുപ്പികളിലും പാത്രങ്ങളിലുമാക്കി വിൽക്കുന്നത് ആരോഗ്യത്തിനു ഹാനികരമാണ്. ഇതിനെതിരേ ചെറുവിരലനക്കാൻപോലും ആരെങ്കിലുമുണ്ടോ? ഭക്ഷണസാധനങ്ങൾ ലഭിക്കുന്നതിൽ മുഴുവൻ വിഷമാണ്, പിന്നെ ഇതൊക്കെയാണോ വലിയ കാര്യം അല്ലേ?

നമ്മുടെ നാട്ടിൽ ഒട്ടുമിക്ക കാപ്പിസൽക്കാരങ്ങൾക്കും ഉപയോഗിക്കുന്നത് ഡിസ്പോസിബിൾ പേപ്പർകപ്പുകളാണ്. അതിനുൾവശം വളരെ കട്ടികുറഞ്ഞ ഒരു പ്ലാസ്റ്റിക് ലാമിനേഷൻ ഉണ്ടാകും. ഇതിലേക്കാണ് തിളച്ച കാപ്പി, ചായ എന്നിവ പകരുന്നത്. പാലുതിളപ്പിക്കുന്നത് അലുമിനിയം പാത്രങ്ങളിൽ; കുടിക്കുന്നതോ പ്ലാസ്റ്റിക് കപ്പുകളിലും. എന്തൊരു വിരോധാഭാസം!

ഈയിടെയായി കേറ്ററിങ്ങുകാർവരെ പ്ലാസ്റ്റിക് പ്ലേറ്റുകൾ ഉപയോഗിക്കുന്നതു കണ്ടു. ഒരു പ്ലേറ്റു ഭക്ഷണത്തിന് അഞ്ഞൂറു രൂപയിൽ കൂടുതൽ ഈടാക്കുന്നവർക്ക് പത്തു പ്ലേറ്റ് പൊട്ടുന്നതിനെക്കുറിച്ച് എന്തൊരു ഉത്കണ്ഠ! പല വലിയ ഹോട്ടലിലും ഇങ്ങനെതന്നെ. ഏതെങ്കിലും യൂറോപ്യൻരാജ്യങ്ങളിൽ ഭക്ഷണം വിളമ്പാൻ പ്ലാസ്റ്റിക് പാത്രങ്ങൾ ഉപയോഗിക്കുന്നുണ്ടോ എന്നന്വേഷിക്കുന്നതു നന്നായിരിക്കും.

ഞാൻ ഒരു ഹോട്ടൽ മാനേജരോടു ചോദിച്ചപ്പോൾ ഇതു പ്ലാസ്റ്റിക് അല്ല ഫൈബറാണെന്നാണ് അദ്ദേഹം പ്രതികരിച്ചത്. നാച്ചുറൽഫൈബറാണോ എന്നു ചോദിച്ചപ്പോൾ അദ്ദേഹം തടിതപ്പി.

എന്റെ മുത്തശ്ശൻ പറഞ്ഞത് അവരുടെയൊക്കെ ചെറുപ്പത്തിൽ കരിപ്പെട്ടി കച്ചിയിൽ പൊതിഞ്ഞും, ശർക്കര തഴപ്പായകൊണ്ടുള്ള വല്ലത്തിലും, കള്ള് കൂജയിലും കുടത്തിലും, മരുന്നുകൾ, തേൻ, വിന്നാഗിരി, വിദേശമദ്യം എന്നിവ ചില്ലുകുപ്പികളിലും, മറ്റു സാധനങ്ങൾ കാക്കിക്കടലാസ് കൂടുകളിലുമൊക്കെയാണ് പായ്ക്കുചെയ്തിരുന്നത് എന്നാണ്. തുണിസഞ്ചികളും വ്യാപകമായിരുന്നു. കുപ്പികളുടെ അടപ്പ് ഉണ്ടാക്കിയിരുന്നത് യാതൊരു പ്രതിപ്രവർത്തനവുമില്ലാത്ത കോർക്കുകൾകൊണ്ടായിരുന്നുവത്രേ. ഇപ്പോൾ കോർക്കടപ്പ് ആകെക്കാണുന്നത് മുന്തിയതരം വൈൻ, വിദേശമദ്യക്കുപ്പികളിൽമാത്രമാണ്.

കല്ലൻഭരണിയിൽ ഉപ്പിലിട്ട നെല്ലിക്കായച്ചാറും വാട്ടിയ വാഴയിലയിൽ പൊതിഞ്ഞ ചോറും കറികളും മുളംകുറ്റിയിലും ചിരട്ടയിലും ഉണ്ടാക്കിയിരുന്ന തവിടുള്ള ചെമ്പാവരിപ്പുട്ടും മൺപാത്രങ്ങളിലുള്ള കുടംപുളിയിട്ട മീൻകറിയും കൽച്ചട്ടികളിൽ തിളയ്ക്കുന്ന ഇറച്ചിക്കറികളും സാമ്പാറും എരിശ്ശേരിയുമൊക്കെ സ്വപ്നം കണ്ട് നമുക്കെല്ലാം സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലെ ഓൺലൈൻ അപ്പോയിന്റ്മെന്റുകൾക്കായി ഇന്റർനെറ്റിൽ പരതാം.

## DEEPANALAM WINNERS SPACE gk

സമ്മാനം ആയിരം രൂപ

NAIPUNNYA INTERNATIONAL
Study & Work at Canada | Australia | Germany | UK | Ireland | New Zealand | USA
ST. THOMAS PRESS BUILDING, PALA, PIN - 686 575

1. ലോകാരോഗ്യസംഘടന വയോജനസൗഹൃദനഗരമായി പ്രഖ്യാപിച്ച ദക്ഷിണേന്ത്യയിലെ ആദ്യനഗരം?
   ഉത്തരം : ..........
2. വനം കുറ്റകൃത്യങ്ങൾ തടയാൻ വനംവകുപ്പ് ഏർപ്പെടുത്തിയ പുതിയ പദ്ധതിയുടെ പേര്? ഏതു ചെക്ക്പോസ്റ്റിലാണ് പദ്ധതി ആരംഭിച്ചിരിക്കുന്നത്?
   ഉത്തരം : ..........
3. ഇന്ത്യയിൽ കാമ്പസ് തുറക്കുന്ന ആദ്യ വിദേശസർവകലാശാല? കാമ്പസ് എവിടെയാണ്?
   ഉത്തരം : ..........
4. ഐക്യരാഷ്ട്രസഭയുടെ സഹകരണത്തോടെ തയ്യാറാക്കുന്ന ലോകസന്തുഷ്ടിറിപ്പോർട്ടിൽ ഒന്നാം സ്ഥാനത്ത് ഏതു രാജ്യമാണ്? ഇന്ത്യയുടെ സ്ഥാനമെത്ര?
   ഉത്തരം : ..........
5. രാജ്യത്ത് ഏറ്റവും കൂടുതൽ സമ്മാനത്തുകയുള്ള (15 ലക്ഷം രൂപ) സാഹിത്യപുരസ്കാരം? 2023 ൽ ഈ ബഹുമതിക്ക് അർഹനായ മലയാളി ആര്? കൃതി ഏത്?
   ഉത്തരം : ..........
6. തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ വിരലിൽ പുരട്ടുന്ന മഷി നിർമിക്കാൻ അനുമതിയുള്ള ഇന്ത്യയിലെ ഏകസ്ഥാപനം?
   ഉത്തരം : ..........
7. രാജ്യത്തെ പരമോന്നത സിവിലിയൻ പുരസ്കാരമായ ഭാരതരത്ന, ഈയിടെ മരണാനന്തരബഹുമതിയായി സമ്മാനിച്ചത് ആർക്കൊക്കെയാണ്?
   ഉത്തരം : ..........
8. 'വൈക്കം സത്യാഗ്രഹത്തിനു നൂറ്'. സത്യാഗ്രഹം ആരംഭിച്ചതും അവസാനിച്ചതും എന്നായിരുന്നു?
   ഉത്തരം : ..........
9. ചന്ദ്രനിലിറങ്ങിയ പ്രഥമ സ്വകാര്യപേടകമായ ഒഡീസിയസിന്റെ ചാന്ദ്രദൗത്യം, സ്വകാര്യമേഖലയിലെ എത്രാമത്തേതാണ്?
   ഉത്തരം : ..........
10. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമാണക്കരാർ ഒപ്പുവച്ചത് ഏതു സർക്കാരിന്റെ കാലത്താണ്?
   ഉത്തരം : ..........

**നിബന്ധനകൾ** ഉത്തരങ്ങൾ എഴുതിയ ദീപനാളം പ്രതിഭ ക്വിസ് കോളത്തിന്റെ ഫോട്ടോയെടുത്ത് പേരും മേൽവിലാസവും ഫോൺനമ്പരും സഹിതം 7306874714 എന്ന വാട്സാപ് നമ്പരിൽ അയച്ചുതരേണ്ടതാണ്. നിബന്ധനകൾ പൂർണമായും പാലിക്കാത്തവരെ മത്സരത്തിനു പരിഗണിക്കുന്നതല്ല. കൂടുതൽ പേർ ശരിയുത്തരം അയച്ചാൽ വിജയിയെ നറുക്കെടുപ്പിലൂടെ തിരഞ്ഞെടുക്കുന്നതാണ്. **അവസാനതീയതി 2024 ഏപ്രിൽ 22.**

പേര് : ..........
മേൽവിലാസം : ..........
..........
ഫോൺ നമ്പർ : ..........



# കഥകളിയിലെ കേരളീയത
## പന്നിശ്ശേരിയുടെ നിഴൽക്കുത്ത്



**എം. വി. ആദിത്യൻ**
ബി.എ. മലയാളം
3-ാം വർഷം
സെന്റ് തോമസ് കോളജ് പാലാ

**കേ**രളത്തിന്റെ ക്ലാസിക്കലയായ കഥകളിയിൽ പൊതുവെ പുരാണേതിഹാസസംബന്ധിയായ കഥകളായിരുന്നു പ്രമേയം. ഈ രീതിയിൽനിന്നു വ്യത്യസ്തമായി കേരളത്തനിമ നിറഞ്ഞ മാവാരതം പാട്ടിലെ വേലൻപാട്ടിൽനിന്നും തോറ്റംപാട്ടുകളിൽനിന്നും കഥകളിയെ രൂപപ്പെടുത്തിയ വ്യക്തിയാണ് പന്നിശ്ശേരി നാണുപിള്ള. കഥകളി രൂപംകൊണ്ട കാലംമുതൽ കഥകളിക്കു പ്രമേയം പുരാണകഥകളായിരുന്നു. കഥകളിയുടെ പരിഷ്കരണത്തിന്റെ ഭാഗമായി കപ്ലിങ്ങാടൻ, കല്ലടിക്കോടൻ രീതികളിലേക്കു മാറുന്ന അവസരത്തിൽ ഒരു നാടൻപാട്ടിൽനിന്നു കഥ സ്വീകരിച്ചുകൊണ്ട് അരങ്ങുകലയായ കഥകളിയെ നാടൻകഥയുമായി ബന്ധിപ്പിക്കുന്ന കഥയാണ് പന്നിശ്ശേരിയുടെ നിഴൽക്കുത്ത് എന്ന കഥകളി.

മലയസമുദായത്തിലെ വേലൻപാട്ടിൽനിന്നു കഥാംശം സ്വീകരിക്കുകയും കഥകളിയുടെ ചിട്ടവട്ടങ്ങൾക്കൊപ്പം വികസിപ്പിച്ചു രംഗകലയായി അവതരിപ്പിച്ചു ക്രമബദ്ധത നൽകിയ കഥകളിപരിഷ്കർത്താവും സാമൂഹികനവോത്ഥാനനായകനുമായിരുന്നു പന്നിശ്ശേരി നാണുപിള്ള. കരുനാഗപ്പള്ളി മരുതൂർക്കുളങ്ങര പന്നിശ്ശേരി വീട്ടിൽ ഒ. പത്മനാഭക്കുറുപ്പിന്റെയും ഭവാനിയമ്മയുടെയും മകനായി 1886 ൽ ജനിച്ചു. സംസ്കൃതത്തിലും ഇംഗ്ലീഷിലും പ്രാവീണ്യം നേടി. ശ്രീ നീലകണ്ഠശാസ്ത്രികളിൽനിന്ന് വേദാന്തദർശനങ്ങളും ചട്ടമ്പിസ്വാമികളിൽനിന്ന് തർക്കശാസ്ത്രവും പഠിച്ചു. 1943 ൽ അദ്ദേഹം അന്തരിച്ചു.

പന്നിശ്ശേരിയുടെ ഏറ്റവും പ്രസിദ്ധമായ ആട്ടക്കഥയാണു നിഴൽക്കുത്ത്. കേരളത്തിലെ പ്രാചീനമായ ഒരു ആഭിചാരക്രിയയായ നിഴൽക്കുത്ത് എന്ന ആശയത്തെ അടിസ്ഥാനമാക്കിയാണ് ഈ കഥ. മൂലമഹാഭാരതത്തിൽനിന്നു തെല്ലു വ്യത്യസ്തമായി തമിഴ് (ദ്രാവിഡ) ശൈലിയിൽ രൂപംകൊണ്ട വേലഭാരതമാണ് ഈ കഥയുടെ അടിസ്ഥാനം. കഥയിലെ പ്രാധാന്യമുള്ള കഥാപാത്രങ്ങളാണ് മലയനും മലയത്തിയും. കഥകളിയുടെ തെക്കൻചിട്ടയിൽ വ്യാപകമായി പ്രചാരമുള്ള നിഴൽക്കുത്ത് പ്രമേയംകൊണ്ടും അവതരണംകൊണ്ടും മറ്റു കഥകളിൽനിന്ന് ഏറെ വ്യത്യസ്തമാണ്.

ഏതു വിധേനയും പാണ്ഡവരെ ഉന്മൂലനാശം ചെയ്യണമെന്ന ലക്ഷ്യത്തോടെ ദുര്യോധനൻ കാട്ടിൽ ആഭിചാരം ചെയ്യുന്ന മലയനെ വിളിച്ചുവരുത്തി നിഴൽക്കുത്ത് ചെയ്യാൻ തീരുമാനിക്കുന്നു. മലയനോട് പാണ്ഡവരെ ഛായാവധം (ഒരാളുടെ പ്രതിബിംബം കണ്ണാടിയിൽ വരുത്തി ആ പ്രതിബിംബത്തെ വധിക്കുമ്പോൾ ആ ആളെത്തന്നെ വധിക്കാനുതകുന്ന വിശേഷപ്പെട്ട മന്ത്രവിദ്യ) ചെയ്യാൻ ആവശ്യപ്പെടുന്നു. ആദ്യം അദ്ദേഹം ഇത് നിരാകരിക്കുന്നു. ഈ നികൃഷ്ടകൃത്യം ഒഴിവാക്കാൻവേണ്ടി ആനയുടെ മുട്ട തുടങ്ങി അസാധ്യമായ പല സാമഗ്രികളും അയാൾ ആവശ്യപ്പെടുന്നു. ഇത്ര സങ്കീർണമായ പദ്ധതി വിജയിക്കണമെങ്കിൽ ദുശ്ശളയെ ബലി കൊടുക്കണമെന്നു പറയുന്നിടത്ത് ക്രോന്തനായ ദുര്യോധനൻ മലയനെ ഭയപ്പെടുത്തുന്നു. വേറെ വഴിയില്ലാത്ത മലയൻ കണ്ണാടി ഉപയോഗിച്ച് പാണ്ഡവരെ മൃതാവസ്ഥയിലാക്കുന്നു.

ദുര്യോധനൻ നല്കിയ സമ്മാനങ്ങളും വാങ്ങി മലയൻ തിരിച്ചുപോകുന്നു. വീട്ടിലെത്തിയ മലയന്റെ ഭാര്യ വിവരമറിഞ്ഞ് (മലയത്തി പാണ്ഡവരുടെ ദാസിയായിരുന്നു) കോപം സഹിക്കാനാവാതെ ഇരുകാലുകളും വിടർത്തി പിളർന്ന് സ്വന്തം മകനെ കൊന്നു കളയുന്നു. മലയത്തി ശ്രീകൃഷ്ണന്റെ അടുത്തുചെന്ന് മാപ്പുപറഞ്ഞു വിലപിക്കുന്നു. കൃഷ്ണൻ പാണ്ഡവരെയും മലയന്റെ പുത്രനായ മണികണ്ഠനെയും പുനർജനിപ്പിക്കുന്നതോടെ കഥ അവസാനിക്കുന്നു.

ഇത്തരത്തിൽ വ്യത്യസ്തമായ ഒരു കഥ എഴുതുമ്പോൾ ഉണ്ടാകുന്ന എതിർപ്പുകൾ അദ്ദേഹവും നേരിട്ടു. ഇന്ന് കേരളത്തിലെ ക്ഷേത്രങ്ങളിൽ നിഴൽക്കുത്ത് ഒരു നിറസാന്നിധ്യമായിക്കഴിഞ്ഞു. കൊല്ലം ജില്ലയിലെ മലനട അപ്പൂപ്പൻ കാവിൽ (ദുര്യോധനക്ഷേത്രം) നിഴൽക്കുത്ത് സമ്പൂർണമായി അവതരിപ്പിക്കണമെന്ന നിയമവുമുണ്ട്. കേരളീയകഥയെ കഥകളിൽ സന്നിവേശിപ്പിച്ചു കഥകളിയിലെ നവോത്ഥാനനായകനായി പന്നിശ്ശേരി നാണുപിള്ളയെ കരുതാം.



# മഴത്തുള്ളി ചോദിച്ചത്

കവിത



**ആദില എൻ.**
ക്ലാസ് 7
അയ്യൻകോയിക്കൽ
ഗവ. ഹയർ
സെക്കൻഡറി
സ്കൂൾ, ചവറ

ഭൂമിയെ പുൽകാനായി
ഭ്രാന്തു പിടിച്ചപോൽ വരുന്ന,
ഒരുകൂട്ടം തുള്ളികളെ
നാം മഴയെന്നു വിളിക്കുന്നു...
ആകാശത്തിന്റെ
അനന്തവിഹായസ്സിൽനിന്ന്
കരിമേഘങ്ങളുടെ
കണ്ണുനീർത്തുള്ളിയായ്
താഴേക്കു പതിക്കുകയാണ്....
ചുറ്റും കാണുന്നതിനെക്കുറിച്ച്,
വാ തോരാതെ മൊഴിയുന്ന
കുഞ്ഞുമഴത്തുള്ളിയും
കൂട്ടമഴത്തുള്ളികളും...
ഓർമതൻ ഓലക്കീറിലൂടെ,
ഒന്നിച്ചൂർന്നിറങ്ങുകയാണ്...
മഴ പെയ്തൊഴിഞ്ഞിട്ടും,
മണ്ണിലലിയാൻ മനസ്സില്ലാതെ,
ഇലകളിൽ പറ്റിപ്പിടിച്ചിരിക്കുന്ന,
ചില മഴത്തുള്ളികളുടെ
ഇടയിലൂടെ കടന്നുപോകവേ
മരണത്തിൻ മുഖം
അവർ നേരിൽ കാണുന്നു...
ഓട്ടിൻപുറത്തും ഇലതൻ മുതുകിലും
മണ്ണിൻ നെഞ്ചിലും
പലപല സ്വരങ്ങൾ കേൾപ്പിച്ച കഥകൾ
മനസ്സിലൂടൊന്നു മിന്നിപ്പാഞ്ഞു...
മണ്ണിലേക്കു പതിച്ച മഴത്തുള്ളി ചോദിച്ചു:
ഒരു ജന്മംകൂടി തരുമോയെനിക്ക്?
മേഘക്കെട്ടിനുള്ളിൽ മൂടിപ്പുതച്ചിരിക്കാൻ,
മണ്ണിൻനെഞ്ചിലും
ഇലതൻമുതുകിലും സംഗീതം പൊഴിക്കാൻ
ഓലക്കീറിലൂടെ ഊർന്നിറങ്ങാൻ
ഒടുവിലീമണ്ണിൽ അലിഞ്ഞുചേരാൻ....



# ഓർമ



**ഗ്രീഷ്മ ഡി. വിനോദ്**
സിവിൽ സർവീസ്
ഇൻസ്റ്റിറ്റ്യൂട്ട്
പാലാ

**'പ**ലരും പറഞ്ഞു കേട്ടിട്ടുണ്ട്, ചിലപ്പോഴൊക്കെ മറവി ഒരു അനുഗ്രഹമാണെന്ന്. അച്ഛനതൊരു ശാപമാണെന്നാണ് എനിക്കു തോന്നുന്നത്.'

'സ്വയം വരുത്തിവച്ചതല്ലല്ലോ. കാലം കൊടുക്കുന്ന സമ്മാനങ്ങളല്ലേ മോളേ.'

അതൊക്കെ ശരിതന്നെയെങ്കിലും, തങ്ങളുടെ കഷ്ടപ്പാടിനിടയിൽ അച്ഛന്റെ പിന്നാലേ പായാൻ സമയമില്ല എന്ന മക്കളുടെ ശകാരം അമ്മ വിള്ളൽവീണ ചിരിയോടെ കേട്ടുനിന്നു.

'മറ്റൊരു മാർഗവും?'

സംസാരം തുടരുകയാണ്.

അപ്പുറത്തെ വലിയ മുറിയിലെ ചെറിയ ജനാലകളിലൂടെ മഴത്തുള്ളികൾ തപ്പുകയാണൊരാൾ.



കഥ

പഴയ കഥകളുടെ പ്രതാപമില്ലാത്ത മനുഷ്യൻ ശൂന്യനാണ്. ഭൂതവും ഭാവിയുമില്ലാതെ സ്വസ്ഥനുമാണ്. അമ്മ ചെല്ലുമ്പോൾ ആത്മവിശ്വാസത്തോടെ ചിരിക്കുന്ന അച്ഛനെ കണ്ടില്ല.

'നമ്മുടെ ജീവിതത്തിൽ ഒരുപാടു പ്രതിസന്ധികൾ ഉണ്ടായിരുന്നു. പക്ഷേ, ചിരിക്കാൻ നമ്മൾ മറന്നില്ല. നാടുകൾ പലതു കണ്ടു. അനേകം മനുഷ്യരെ കണ്ടു... എനിക്കാ നിമിഷങ്ങളൊക്കെ ഇന്നൊരു ബാധ്യതയായി.' കണ്ണിലെ തിളങ്ങുന്ന വെള്ളത്തുള്ളികളാൽ അയാൾ ചിരിച്ചു. ഏഴുപതിറ്റാണ്ടു കാലത്തെ ഭൂമീവാസത്തിൽ ഞാൻ എന്തെല്ലാം ചെയ്തുകൂട്ടി എന്ന ചിരി. വിശപ്പും ദാഹവും വിധിയും ഭാഗ്യവും കഥയും കവിതയും നിറഞ്ഞ ഒരു ചെറുചരിത്രത്തിന്റെ ചിരി.

# ലഹരിയിൽ മയങ്ങുന്ന കൗമാരങ്ങൾ





**ഫേബ ആൻ വിൽസൺ**
എം.എസ്.ഡബ്ല്യു.
ഒന്നാംവർഷം
പ്രസന്ന സ്കൂൾ ഓഫ് പബ്ലിക് ഹെൽത്ത്
മണിപ്പാൽ, കർണാടക

**ഞാ**ൻ ഫേബ ആൻ വിൽസൺ. ഒന്നാംവർഷ എംഎസ്ഡബ്ല്യൂ വിദ്യാർഥിനിയാണ്. എന്റെ പഠനത്തിന്റെ ഭാഗമായി ഞാൻ ഒരു മാസം ഒരു ലഹരി ചികിത്സാ-മാനസികാരോഗ്യകേന്ദ്രത്തിൽ പരിശീലനത്തിനായി അയയ്ക്കപ്പെട്ടു. അവിടെ എന്റെ മനസ്സിനെ സ്വാധീനിച്ച ഒരു സംഭവം വിവരിക്കട്ടെ.

പട്ടണത്തിലെ പേരുകേട്ട ഒരു വിദ്യാലയത്തിൽ പത്താം ക്ലാസിൽ പഠിക്കുന്ന കുട്ടി പഠനത്തിലെ പരാജയങ്ങളും ലഹരിയുപയോഗത്തിന്റെ സംശയവുംമൂലം അവിടെ അഡ്മിറ്റ് ചെയ്യപ്പെട്ടു. പഠനത്തിലും പാഠ്യേതരകാര്യങ്ങളിലും മുന്നിൽനിന്ന കുട്ടി പെട്ടെന്ന് ഒരു ദിവസം എല്ലാറ്റിൽനിന്നുമകന്ന് ദേഷ്യവും അക്രമസ്വഭാവവും കാട്ടിത്തുടങ്ങി. വളരെ സൗമ്യനും അധ്യാപകരെ ബഹുമാനിക്കുന്നവനുമായിരുന്ന അവൻ പതിയെപ്പതിയെ കയർത്തു സംസാരിക്കാൻ തുടങ്ങി. പതിവിൽനിന്നു വിപരീതമായി ഒറ്റപ്പെട്ടിരിക്കുക, ക്ലാസിൽ വരാതിരിക്കുക, വൃത്തിയില്ലാതിരിക്കുക തുടങ്ങിയവയെല്ലാം അവനിൽ പ്രകടമായി.

മാതാപിതാക്കളുടെയും അധ്യാപകരുടെയും അവസരോചിതമായ ഇടപെടൽമൂലം ആശുപത്രിയിൽ പരിചയസമ്പന്നനായ മനോരോഗവിദഗ്ധനെ കാണിച്ചു. രണ്ടാഴ്ച അഡ്മിറ്റ് ചെയ്ത് സോഷ്യൽ വർക്കേഴ്സ്, കൗൺസലേഴ്സ് എന്നിവരുടെ പിന്തുണയും പ്രേരണയും ചികിത്സയുംവഴി രോഗസൗഖ്യം ലഭിച്ചു.

മദ്യവും ലഹരിവസ്തുക്കളും ഉപയോഗിക്കുമ്പോൾ നാം ഒരാൾമാത്രം സന്തോഷിക്കുന്നു. മദ്യം ഉപേക്ഷിക്കുമ്പോൾ കുടുംബം മുഴുവൻ സന്തോഷിക്കുന്നു. അത് അവനിൽ വലിയ ഉൾക്കാഴ്ച വളർത്തി. മദ്യരഹിതരുടെ അവബോധകൂട്ടായ്മയായ എ.എ.(ആൽക്കഹോളിക് അനോണിമസ്)യുടെ പ്രാധാന്യം അവയിൽ പങ്കെടുക്കാൻ



അവനു പ്രേരണ നൽകി. ജീവിതംതന്നെ ദുർബലപ്പെടുത്താവുന്ന, നിറംമങ്ങി നശിപ്പിക്കാൻ സാധിക്കുമായിരുന്ന ലഹരി, കൗമാരങ്ങളെ എത്രമാത്രം പടുകുഴിയിലാക്കുമെന്ന് വിദ്യാർഥി എന്ന നിലയിൽ എന്നിലും ആ കുട്ടി ഉൾക്കാഴ്ച നിറച്ചു.

# ആരെ വിളിക്കണം കളളിയെന്ന്?

കഥ



**അനുഗ്രഹ പ്രസാദ്**
ക്ലാസ് V
ഗവ. യു.പി.എസ്.
അളനാട്

**ആ**രെങ്കിലും വരുമോ ആവോ? ഇതെന്താ ആരും വരാത്തത്? ഞാൻ നേഴ്സറിയിലാണെന്ന കാര്യം അവർ മറന്നുപോയോ? പാറുക്കുട്ടി നേഴ്സറിയുടെ തിണ്ണയിലിരുന്നു ചിന്തിച്ചു. അപ്പോഴാണ് അവളുടെ കണ്ണിൽ ആ കാഴ്ച കണ്ടത്. ഓടിച്ചെന്ന് അവളത് എടുത്തു പൊടിയൊക്കെ തട്ടിക്കളഞ്ഞിട്ട് വീണ്ടും തിണ്ണയിൽ വന്നിരുന്നു. ഏതോ കളിപ്പാവയുടെ കൈ ആയിരുന്നു അത്. ഈ സമയം ക്ലാസ്മുറി അടിച്ചു വൃത്തിയാക്കിയശേഷം റ്റീച്ചർ പുറത്തേക്കിറങ്ങിവന്നു.

"കള്ളീ, നീയായിരുന്നോ ഇതെടുത്തത്. കൊണ്ടുപോയി അകത്തെ കുട്ടയിൽ ഇട്. കണ്ടാപാവംപോലെ ഇരിക്കുന്നു. കുഞ്ഞാണേലും കള്ളത്തരം കാണിച്ചതു കണ്ടില്ലേ? അവൾ ഒന്നും മനസ്സിലാവാതെ വായും പൊളിച്ചിരുന്നു. പാറുക്കുട്ടിയെ റ്റീച്ചർ വീണ്ടും വീണ്ടും എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു. പാറുക്കുട്ടിയെ കൊണ്ടുപോകാൻ വീട്ടിൽനിന്ന് ആളുവരുന്നുണ്ടെന്നറിഞ്ഞ റ്റീച്ചർ: "ഊം ചെല്ല്." ചേട്ടന്റെ കൈയുംപിടിച്ച് തുള്ളിച്ചാടി വീട്ടിലേക്ക്.

വീട്ടിൽ ചെന്നു കഴിഞ്ഞപ്പോഴേക്കും ബാക്കി ചേട്ടന്റെ അവതരണം. "അമ്മേ ഇവള് കള്ളിയാണമ്മേ. ഇവളുടെ സഞ്ചിയിൽ റ്റീച്ചറിന്റെ കളിപ്പാട്ടം ഉണ്ടായിരുന്നു. റ്റീച്ചറാ പറഞ്ഞെ ഇവള് കളിപ്പാട്ടം കട്ടെടുത്തുവെന്ന്." അങ്ങനെ റ്റീച്ചറിട്ട കള്ളി എന്ന പേര് ചേട്ടൻ വന്നുപറഞ്ഞപ്പോൾ എല്ലാവരുംകൂടി സീൽ ചെയ്ത് ഉറപ്പിച്ചു.

ഇതിന്റെയൊന്നും പൊരുളറിയാതെ പാറു അവളുടെ സഞ്ചിയിലെ മെയ്സ്പൊടി ഉപ്പുമാവ് തിന്നു കഴിഞ്ഞ് ഒരു പൊട്ട സ്ലേറ്റിന്റെ കഷണവും പൊടിക്കല്ലുപെൻസിലുമായി ചായ്പ്പിൽ പോയിരുന്ന് അവൾക്കറിയാവുന്ന 'റ' യും 'ന'യും എഴുതാൻ തുടങ്ങി. കുട്ടികളേറെയുള്ള വീട്ടിൽ അവിടെയുമെത്തി വിസ്താരത്തിനായി സഹോദരങ്ങൾ. "അമ്മേ, ദേ ആരാണ്ടടേ കല്ലുപെൻസിലും കട്ടെടുത്തോണ്ടാ വന്നേക്കുന്നേ." കേട്ടപാതി കേൾക്കാത്തപാതി അമ്മ വീടിന്റെ ഇറമ്പിൽനിന്ന് ഒരു പുളിവാറും വലിച്ചൂരി ഒരു വരവായിരുന്നു. അടിയുടെ വേദന ഓർമയില്ലെങ്കിലും കണ്ടുനിന്ന കൂടപ്പിറപ്പുകളുടെ ചിരി... ഇപ്പോഴും സഹിക്കുന്നില്ല.



എല്ലാവരും വളർന്നു. പാറുവിന്റെ പേരും അവളുടെ കൂടപ്പിറപ്പുകൾക്കിടയിലുള്ള അവളോടുള്ള മുൻവിധികളും 'കള്ളീ' എന്ന പേരും വളർന്നു. താനറിയാതെ ബാല്യത്തിലെന്നോ നടന്ന ചെറിയ ഒരു തെറ്റിന്റെ പേരിൽ കള്ളിയെന്ന പേര് ജീവിതകാലം മുഴുവനും ആ പെണ്ണിനുകിട്ടി.

കവിത



**ആൽബിൻ കൊട്ടാരം**
സെന്റ് തോമസ് കോളജ്
ഓഫ് റ്റീച്ചർ
എജ്യുക്കേഷൻ
മൈലക്കൊമ്പ്

# വരും... വരാതിരിക്കില്ല!

അങ്കണത്തൈമാവിൽനിന്നാ-
ദ്യത്തെപ്പഴം വീഴ്കെ
അമ്മതൻ കണ്ണിൽനിന്നു-
തിർന്നു ചുടുകണ്ണീർ
അങ്കണമെവിടെയാണെൻ കവീ?
തൈമാവറുത്തതാണീക്കസേര
അമ്മതൻ കണ്ണിലെ കണ്ണീർ
ഉണ്ണി കോലിട്ടു കുത്തിയതാവാം
പറയുവാനാരാണു നീയെന്നു ചോദിച്ചാൽ
മനസ്സില്ലെനിക്കു പറയുവാൻ നിന്നോട്
മനസ്സിലാക്കാൻ നിനക്കുമാവില്ല
കവിയാണു ഞാനെന്നു പറഞ്ഞാൽ
തവിയാണു നിനക്കെന്നു പറയും
നടിയാണു ഞാനെന്നുരഞ്ഞാൽ
വടിയെടുത്തെന്നെയടിച്ചിടും
ആണാണു ഞാനെന്നു ചൊന്നപ്പോൾ
പെണ്ണാണു ഞാനെന്നു നീ ചൊന്നു
ആണല്ല ഞാനെന്നലറുകിൽ
ആണെന്നു നീയലറുന്നു.
അങ്കണത്തൈമാവുകളെല്ലാം
വാട്സാപ്പ് വനങ്ങളായി
പഴംവേണ്ട ഉണ്ണികളെല്ലാം
പഴംവിഴുങ്ങികളുമായി
മരംകേറികളാണെല്ലാവരുമെങ്കിലും
മരംകേറാനാർക്കുമറിയില്ല.
തലതെറിച്ചവരാണെല്ലാവരുമെങ്കിലും
തലയിലാർക്കുമാൾത്താമസമില്ല
ഞാനാരാണെന്നു ഞാൻ പറഞ്ഞാലും
ഞാനാരാണെന്നു നീ തീരുമാനിക്കും
പറയാതെ പറഞ്ഞൊരാവാക്കെല്ലാം
പറപോലെ നീയെടുത്തു വിറ്റില്ലയോ.
ഇവിടെയെനിക്കില്ല ഞാനെന്ന സ്വത്വം
ഇവിടെ നിനക്കില്ല നീയെന്ന സ്വത്വം
അവരുരചെയ്യും നീയാരെന്ന്
അവരുരചെയ്യും ഞാനാരെന്ന്.
പ്രിയപ്പെട്ടൊരെൻ കവീ
തൈമാങ്ങയൊന്നെനിക്കു തരുമോ?
കണ്ണുനീരിൽ വിഷം ചേർത്തു കഴിക്കാൻ
ഇവിടെ കണ്ണുനീർപോലും കള്ളം.
ആരാണു നീയെന്നു ചോദിക്കാൻ
നീയാരാണെന്നു പറയുക
ആരാണു ഞാനെന്നു ഞാൻ
തീരുമാനിക്കുന്ന നാൾ വരും
വരും... വരാതിരിക്കില്ല!

എന്റെ വര





**യാന സി. ബി.**
ക്ലാസ് VI
ഗരിമ വിദ്യാവിഹാർ
സ്കൂൾ
ഇൻഡോർ

### കഴിഞ്ഞലക്കം ക്വിസ് (പ്രതിഭ 2024 മാർച്ച്) – ശരിയുത്തരങ്ങൾ

1. ഇന്ദിരാഗാന്ധി, 1964–67
2. 2020 ലെ നിർമല സീതാരാമന്റെ ബജറ്റ് 2 മണിക്കൂർ 42 മിനിറ്റ്
3. പശ്ചിമബംഗാൾ, മൂന്നാംസ്ഥാനം
4. യു.എസ്., ഒഡീസിയസ്
5. 2024 ജൂലൈ 1 മുതൽ ഭാരതീയ ന്യായ്സംഹിത
6. തിരുവനന്തപുരം ആർ.സി.സി.യിൽ
7. കെ–സോട്ടോ
8. തമിഴ്നാട്
9. മുംബൈ ആസ്ഥാനമായ ആസ്ട്രോബോൺ എയ്റോ സ്പേസ് മഹാരാഷ്ട്രസർക്കാർ നവിമുംബൈയിൽ
10. കൊച്ചിൻ ഷിപ്പ്യാർഡ്

■ *ശരിയുത്തരം ആരും അയച്ചിട്ടില്ല.*



**ഐമി മരിയ സാജൻ**
എം.എ. ഇംഗ്ലീഷ്
സെന്റ് തോമസ്
കോളജ് പാലാ

# ശീതാഗ്നി

ഫലകമോ ചില തണലേകും വൃക്ഷംപോൽ
ഫലമില്ലെങ്കിലും നീ എൻ തണലല്ലയോ പ്രിയനേ,
ശീതസുന്ദരസ്മൃതിതൻ തോണിയിലല്ലയോ
വെൺഹംസചുംബനം പങ്കിട്ടു പുല്കി നാം
ചുടുവേനൽ ചുവടുകൾ ചിലതതറ്റിട്ട
കരലാളനമേല്ക്കാ കരളിന്റെ പാതിയെ
ചടുലമീ സമയത്തിൻ അടിമകളല്ലോ നാം
ചിലരന്നു പാടിയ പാട്ടിന്റെ പന്തലിൽ
വൈകിപ്പോയെന്നൊറ്റക്കുറ്റം
പറ്റിപ്പോയി വഴിയിതിൻ പാതിയിൽ
കൈവിട്ടുപോയതാം നിറവാർന്ന നിത്യത
ചിരകാല കനവല്ലോ, മായാത്ത മുദ്രനീ
മുട്ടിടാ വട്ടത്തിനറ്റത്തു ചേർന്നിതാ
കൈകോർത്തു കെട്ടുന്ന കെട്ടിന്റെ കുട്ടികൾ
പങ്കിട്ട സന്തോഷമത്രയും
കെട്ടിപ്പൂട്ടിവയ്ക്കാൻ കെല്പില്ല പൈതലേ.
വിരഹമെന്ന വിളിപ്പേരു ചൊല്ലി
വിളിപ്പതിലല്ല വിയർപ്പുമുട്ടിക്കും വികാരദ്വീപിനെ
പലപല ജന്മങ്ങളുണ്ടെങ്കിൽ എൻ പ്രിയാ
എൻ പാതി നീയത് പലപേടിയില്ലാതെ
എങ്കിലും നിന്നിലായി എന്നുയിർ കാണുവാൻ
അത്രമേലാഴമായാളുന്നു ആത്മാവ്
നെഞ്ചിതിൻ നൊമ്പരം നീറുന്ന വേളയിൽ
നിൻ മുഖം എന്നുടെ മുന്നിലായി കാണുന്നു
അങ്ങനെ കണ്ടൊരു യാമത്തിനാഴത്തിൽ
പ്രിയതമേയെന്നൊരു അപശബ്ദം കേട്ടു ഞാൻ
ഞെട്ടിത്തിരിഞ്ഞതിൻ വട്ടംപിടിച്ചപ്പോൾ
അപരനാമവനുടെ വദനത്തിനൊളി കണ്ടു.



# ഇരുമുഖം

**അനന്തലക്ഷ്മി എസ്.**
ക്ലാസ് VIII
എം.എം.എച്ച്. എസ്.
നരിയംപാറ, കട്ടപ്പന

ആകാശദേവന്റെ
മഴമുത്തുകൾ
രാവിന്റെ മടിയിൽ
വീണുടഞ്ഞു
ഒരു മാലയിൽനിന്ന് ഉതിർന്നു ചിതറുന്ന
മുത്തുകൾപോലെ
ചിലരെ തഴുകിയുറക്കാൻ
ചിലരുടെ മയക്കത്തെ കവർന്നെടുക്കാൻ
അവിടെ മച്ചിൻമുകളിൽനിന്ന്
ഉതിർന്നുവീഴുന്ന മുത്തെടുക്കാൻ
തറയിൽ നിറയെ കുടം നിരത്തി
പ്രാർഥനകൊണ്ട് മനസ്സു നിറച്ചു.
ഉറക്കമൊഴിഞ്ഞു നേരം വെളുപ്പിക്കുന്ന ചിലർ
ഇവിടെ സുഖമായി കിടന്നുറങ്ങുമ്പോഴും
മഴയെ ആസ്വദിച്ചെഴുതുമ്പോഴും
നാമറിയുന്നില്ല മഴയുടെ ഇരുമുഖം.



# ചില ചൂരൽസ്മരണകൾ

എന്തെഴുതണമെന്നാലോചിച്ചുകൊണ്ട് തലയുയർത്തിയപ്പോഴാണ് സാഹിത്യത്തിന്റെ മൂടുപടമണിഞ്ഞ ഒരു ഉപന്യാസത്തെക്കാളും കവിതയെക്കാളുമെല്ലാം ലളിതമായ ചില സ്മരണകൾക്കു ജീവനേകാം എന്നു ചിന്തിച്ചത്. ബാല്യം മുതൽക്കേ കൂടെനിന്നു വഴികാണിക്കുന്ന, നന്മതിന്മകളെ ചൂണ്ടിക്കാണിച്ചു നൽകിയ ഒരു സുഹൃത്തിനെപ്പറ്റിയാണ്... ചെന്നുചാടുന്ന അബദ്ധങ്ങളിലും അറിഞ്ഞുകൊണ്ടുചെയ്യുന്ന കുസൃതികളിലുമെല്ലാം അവനും സന്തതസഹചാരിയായിരുന്നു. മുറ്റത്തെ തെങ്ങിന്റെ പച്ചയീർക്കിലികീറി വീട്ടുകാർ ഇടയ്ക്കു നൽകുന്ന സ്നേഹസമ്മാനത്തിന്റെ സ്പർശനസുഖം ഇന്നും സിരകളിലുണ്ട്. എന്റെ വളർച്ചയ്ക്കൊപ്പം വടികളും മാറിമാറിവന്നു. പറമ്പിലെ പുളിമരത്തിന്റെ കമ്പും കാപ്പിയുടെയും കൊന്നയുടെയും വടിയും അങ്ങനെയങ്ങനെ ചൂരലും... ഇവയുടെ അസാന്നിധ്യത്തിലും അപ്പന്റെയും അമ്മയുടെയും കൈപ്രയോഗങ്ങൾകൊണ്ട് ഞാൻ സംതൃപ്തയായി.

വിദ്യാലയമുറ്റത്തെത്തിയശേഷമുള്ള ആദ്യചൂരൽപ്രയോഗം പട്ടിക പഠിക്കാത്തതിനായിരുന്നുവെന്നാണ് ഓർമ. പിന്നീടങ്ങോട്ട് വർത്തമാനം പറഞ്ഞതിനും പകർത്തെഴുതാത്തതിനുമെല്ലാമായി ധാരാളം സമ്പാദിച്ചുകൂട്ടി. 'വടി കൊടുത്ത് അടി മേടിക്കുക' എന്ന ചൊല്ല് ഏറ്റവും പ്രാവർത്തികമായതും എന്നിലായിരിക്കാം. മിക്ക വർഷങ്ങളിലും ക്ലാസ് ലീഡറായി തിരഞ്ഞെടുക്കപ്പെട്ട ഞാനാണ് ക്ലാസിലേക്കാവശ്യമായ ചൂരൽ മേടിക്കേണ്ടത്. ഉദ്ഘാടനകർമം നിർവഹിക്കുന്നതും ഞാൻതന്നെ. കൊണ്ടും കൊടുത്തും ഏഴാംക്ലാസിൽ പഠിക്കവേ ഹിന്ദിയുടെ പകർത്തുബുക്ക് വയ്ക്കാത്തതിൽ സിസ്റ്റർ അടിക്കാൻ വന്നപ്പോൾ 'സിസ്റ്ററേ, ആദ്യത്തെ അടിയാണ് പ്രാർഥിച്ചിട്ട് അടിച്ചോണേ... എന്നു പറഞ്ഞതും അന്നു പുഞ്ചിരിയോടെ കിട്ടിയ അടിയും ഇന്നും മനസ്സിലുണ്ട്. ഒന്നോ രണ്ടോ അല്ല, പല തരത്തിൽ പല സമയങ്ങളിലെത്തിയവയുടെ എണ്ണം അവ്യക്തം. അവയിൽ ചിലതു ഞങ്ങളുടെ കൈകളിൽത്തന്നെ ജീവാർപ്പണം ചെയ്ത് ശിരസ്സു നമിച്ചു. ഒരെണ്ണം ചൂലിന്റെ പിടിയിൽ ശ്വാസം കിട്ടാതെ വർഷങ്ങളോളം കിടന്നു. വിദ്യാലയങ്ങളിൽ പ്രാധാന്യം കുറഞ്ഞെങ്കിലും ഭവനത്തിൽ അതു സുശക്തമായി.

ദിവസങ്ങൾക്കുമുമ്പു കേട്ട ഒരു വാർത്തയാണ് ഈ ചൂരൽസ്മരണകളെ വിളിച്ചുണർത്തിയത്. വിദ്യാർഥികളെ ശാസിച്ചതിനാൽ അധ്യാപകനെതിരേ കേസ് നൽകിയിരിക്കുന്നു! ഇത്തരം വാർത്തകൾ മുമ്പും വന്നു മടങ്ങിയിട്ടുണ്ട്. ഗുരുത്വവും ഗുരുഭക്തിയും പടിയിറങ്ങുന്ന സാക്ഷരകേരളത്തിന്റെ നേർദൃശ്യങ്ങൾ! 'മാതാ പിതാ ഗുരു ദൈവം' എന്ന തത്ത്വം വിസ്മൃതിയിലാണ്ടുപോകുന്നതിന്റെ ദാരുണാവസ്ഥ. അധ്യാപകന്റെ കണ്ണുനീരിനും ശാപത്തിനുമുള്ള ശക്തി തിരിച്ചറിയപ്പെടാതെ പോകുന്ന ഒരു നവയുഗം.




**അനുപ്രിയ ജോജോ**
എം.എ. മലയാളം
ദേവമാതാ കോളജ്
കുറവിലങ്ങാട്

അധ്യാപകരേകുന്നത് ശിക്ഷയല്ല, ശിക്ഷണമാണെന്നു മനസ്സിലാക്കുന്നതിനും, അതു തിരുത്തൽശക്തിയായി നന്മയിലേക്കു വഴിനയിക്കുമെന്നു തിരിച്ചറിയുന്നതിനും നവതലമുറയ്ക്കു സാധിക്കാതെ പോകുന്നു. കുടുംബത്തിൽനിന്നുതന്നെ ശിക്ഷണം നൽകി വളർത്തിയെങ്കിൽ മാത്രമേ ജീവിതത്തിന്റെ ഗതിവിഗതികളെ നേരിടാൻ പര്യാപ്തമായ ഒരു തലമുറ സംജാതമാകൂ. മാതാപിതാക്കളോ അധ്യാപകരോ ശാസിച്ചതിന്റെ പേരിൽ ആത്മഹത്യയിലേക്കു നടന്നുനീങ്ങുന്ന ഇന്നത്തെ ബാല്യകൗമാരങ്ങൾക്ക് യഥാർഥ ശിക്ഷണത്തിന്റെ അനിവാര്യത കുടുംബങ്ങളിൽനിന്നുതന്നെ വ്യക്തമാക്കി നൽകണം. കുട്ടികളുടെ പരാതിയിൽ കഴമ്പുണ്ടോയെന്നു പരിശോധിക്കാതെ, ഗുരുഭക്തിയെന്തെന്നു പറഞ്ഞുനൽകാതെ അധ്യാപകർക്കുനേരേ നിയമനടപടികൾക്കായി ഇറങ്ങിത്തിരിക്കുന്ന കുടുംബാംഗങ്ങൾക്കാണ് യഥാർഥ തിരിച്ചറിവു പകരേണ്ടത്.

പ്ലസ് ടു പഠനകാലത്ത് അധ്യാപികയ്ക്കുനേരേ സഹപാഠി കൈയോങ്ങിയപ്പോൾ പലപ്പോഴായി ഞങ്ങൾക്കുമുന്നിൽ കൺനിറഞ്ഞു നിന്നുപോയ അധ്യാപികയുടെ മുഖമാവാം ഇന്ന് യഥാർഥ ശിക്ഷണത്തിന്റെ അനിവാര്യതയെക്കുറിച്ചു ചിന്ത പകരാൻ എനിക്കു പ്രചോദനമായത്. വിദ്യാലയങ്ങളിൽ നിരോധിക്കപ്പെട്ട ചൂരലിന്റെ അനിവാര്യതയിലേക്ക്, ശിക്ഷണത്തിലൂടെ വളർന്നുവരേണ്ട ബാല്യങ്ങളിലേക്ക്, ഈ സംഭവവികാസങ്ങൾ വിരൽചൂണ്ടുന്നുണ്ട്. ലോകത്ത്, ഒരു ശാസ്ത്രജ്ഞനെയോ, സാമൂഹിക പ്രവർത്തകനെയോ, ഡോക്ടറെയോ നേതാവിനെയോ പ്രദാനം ചെയ്യാൻ കഴിവുള്ള വ്യക്തി അധ്യാപകരാണ്. ആദ്യാധ്യാപകരായ മാതാപിതാക്കൾ മുതൽ സമൂഹത്തിനുവരെ വ്യക്തിയുടെ സ്വഭാവരൂപീകരണത്തിൽ നിർണായകസ്ഥാനമുണ്ട്. യഥാസമയങ്ങളിലുള്ള ചില ചൂരൽപ്രയോഗങ്ങൾക്കു മാത്രമേ സമൂഹത്തെ പരിവർത്തനം ചെയ്യാനാവൂ.





**ഗൗതം കൃഷ്ണ എം.**
ക്ലാസ് VII
ലൂർദ് പബ്ലിക് സ്കൂൾ &
ജൂനിയർ കോളജ്, കോട്ടയം